**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1244** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉപരി പഠനത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്ത് പോകുന്ന പ്രവണത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലെയും മറ്റ് സംസ്ഥാനങ്ങളിലെയും കോളേജുകൾ തെരഞ്ഞെടുക്കുന്ന പ്രവണത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലെയും മറ്റ് സംസ്ഥാനങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് മികച്ച പഠന-ഗവേഷണ അവസരങ്ങളും ആഗോള തൊഴിൽസാധ്യതകളും ലഭ്യമാക്കുന്നതിനുള്ള വിവിധ ഘടകങ്ങൾ ഈ പ്രവണതയെ സ്വാധീനിക്കുന്നതായി വിലയിരുത്തപ്പെടുന്നു. സർക്കാർ ഈ വിഷയത്തെ ഗൗരവത്തോടെയാണ് കാണുന്നത്.

**(ബി)** ഇതിനുള്ള കാരണത്തെക്കുറിച്ച് സമഗ്ര പഠനം നടത്തുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തേക്കും വിദേശ രാജ്യങ്ങളിലേക്കും ഉന്നത പഠനത്തിനായി പോകുന്നതിന് മികച്ച അക്കാദമിക-ഗവേഷണ അവസരങ്ങൾ, ആഗോള നിലവാരത്തിലുള്ള വിദ്യാഭ്യാസ അന്തരീക്ഷം, തൊഴിൽസാധ്യതകൾക്ക് അനുസൃതമായ പഠനപരിപാടികൾ, അന്തർദേശീയ അക്കാദമിക സഹകരണം എന്നിവയുൾപ്പെടെയുള്ള വിവിധ ഘടകങ്ങൾ കാരണമാകുന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്ഥിര താമസ പദവി (Permanent Residency) നേടുന്നതിനുള്ള സാധ്യത, വിദേശ സർവകലാശാലകളിൽ തൊഴിൽസാധ്യത കേന്ദ്രീകരിച്ചുള്ള ഹ്രസ്വവും പ്രായോഗികവുമായ കോഴ്സുകളും ഗവേഷണാധിഷ്ഠിത പഠനപരിപാടികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അക്കാദമിക സമീപനങ്ങൾ, ബ്ലെൻഡഡ് ക്ലാസ്റൂം, സഹകരണാധിഷ്ഠിത പഠനം, സ്വയംപഠനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പഠനരീതിയും വിദ്യാർത്ഥികളെ ആകർഷിക്കുന്നു. ഇന്ത്യയിലെയും കേരളത്തിലെയും പാഠ്യപദ്ധതികളിൽ പരമ്പരാഗതവും സൈദ്ധാന്തികവുമായ സമീപനം കൂടുതലായതിനാൽ നൈപുണ്യ വികസനത്തിന് താരതമ്യേന കുറഞ്ഞ ഊന്നൽ ലഭിക്കുന്നതും പരമ്പരാഗത പരീക്ഷാ കേന്ദ്രീകൃത മൂല്യനിർണയ സമ്പ്രദായം പഠന-അദ്ധ്യാപന രീതികളിലെ നവീകരണത്തിന്റെ ഫലപ്രാപ്തിയെ പരിമിതപ്പെടുത്തുന്നതായും വിലയിരുത്തപ്പെട്ടിട്ടുണ്ട്.

**(സി)** പുതിയ തലമുറയുടെ അഭിരുചിക്കനുസൃതമായി ജോലി സാധ്യത മുൻ നിർത്തി കോഴ്സുകൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** ആഗോള തൊഴിൽ പ്രവണതകൾ നിരന്തരം വിശകലനം ചെയ്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനപരിപാടികൾ തൊഴിൽ വിപണിയുടെ ആവശ്യങ്ങളുമായി കൂടുതൽ യോജിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്താൻ ഉദ്ദേശിക്കുന്നു. തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്കനുസൃതമായി അക്കാദമിക പരിപാടികൾ കാലാനുസൃതമായി നവീകരിക്കുന്നതിനായി ഒരു Global Job Watch Tower സ്ഥാപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

ഗവേഷണ മികവ് ശക്തിപ്പെടുത്തുന്നതിനായി Kerala Doctoral Research Fellow Project നടപ്പിലാക്കി ഡോക്ടറൽ ഗവേഷണത്തിന് മെച്ചപ്പെടുത്തിയ ഫെലോഷിപ്പ് സംവിധാനം ഏർപ്പെടുത്തുന്നതിനും, Industry on Campus – Earn and Learn മാതൃക വ്യാപിപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വ്യവസായ പരിചയം, നൈപുണ്യ വികസനം, ഇന്റേൺഷിപ്പ്, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

കൂടാതെ, Kerala AI Research Centre സ്ഥാപിക്കുന്നതിനും Mission AI Guru മുഖേന അധ്യാപകരുടെ കൃത്രിമബുദ്ധി (AI) അധിഷ്ഠിത ശേഷി വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക-ഗവേഷണ നിലവാരവും അന്താരാഷ്ട്ര മത്സരശേഷിയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**